ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പരിശോധിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ അവസാന മൂന്നക്ക ഉപയോഗിച്ചുള്ള 'എസ്സാണ് ലോട്ടറി' എന്ന പേരിലുള്ള സമാന്തര അനധികൃത കച്ചവടം, ഒറ്റ അക്ക നമ്പർ, രണ്ടക്ക നമ്പർ എന്നിങ്ങനെ ചൂതാട്ട സ്വഭാവത്തിലുള്ള ലോട്ടറി നടത്തിപ്പുകൾ, നമ്പർ എഴുതി നൽകുന്ന ലോട്ടറി, ഫോൺ മുഖാന്തിരം നമ്പർ നൽകുന്ന ലോട്ടറി എന്നിങ്ങനെ സംസ്ഥാന ലോട്ടറിയുടെ തകർച്ചയ്ക്കായുള്ള നിയമവിരുദ്ധ ലോട്ടറികളെ സംബന്ധിച്ചുള്ള നിരവധി കേസുകൾ സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ വലിയ പങ്കുവഹിക്കുന്ന ഒന്നാണ് കേരള സംസ്ഥാന ഭാഗ്യക്കുറി. സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത തകർന്നാൽ അത് കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവിൽ ഗണ്യമായ കുറവ് വരുത്തുകയും സംസ്ഥാന ഗവൺമെന്റിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കൂടാതെ ലോട്ടറി വ്യവസായത്തെ ഉപജീവനമാക്കി ജീവിക്കുന്ന ലക്ഷക്കണക്കിന് ആൾക്കാരുടെ ജീവിതത്തെയും കാരുണ്യ പദ്ധതി പോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കാനിടയാകും.

(സി) സംസ്ഥാന ലോട്ടറിയുടെ വ്യാജ ടിക്കറ്റുകൾ വിറ്റഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമാനാർഹങ്ങളായ നമ്പർ ടിക്കറ്റുകൾ വ്യാജമായി നിർമ്മിച്ച് ലോട്ടറി ഏജന്റുമാരെ കബളിപ്പിക്കുന്നതായി പരാതികളും ടിക്കറ്റ് പൂരിപ്പിച്ചുകൊടുക്കുന്നതിലുള്ള പിശകുകൾ ചൂണ്ടിക്കാണിച്ചുള്ള പരാതികളും ലഭിക്കുന്നുണ്ട്. ഇതിന്മേൽ ആവശ്യമായ നടപടികൾക്കായി ഇന്റലിജൻസ് എ.ഡി.ജി.പി. മേധാവിയായിട്ടുള്ള സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് ഇടയ്ക്കിടെ നടപടി സ്വീകരിക്കുന്നതിനായി അയച്ചു കൊടുക്കാറുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

16 (*346) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ (കാഞ്ഞങ്ങാട്) :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻ സർക്കാർ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രാബല്യത്തിൽ വരുത്തുന്നതിന് നടത്തിയ പ്രവർത്തനങ്ങൾക്ക് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ ഉപഭോഗനിരക്ക് ഉൽപാദന വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യതകണ്ടെത്തിയെന്ന് വ്യക്തമാക്കുമോ ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് തുടക്കത്തിലും ഊർജ്ജ ഉൽപാദന രംഗത്തും കാണിച്ച മുന്നേറ്റം ഈ സർക്കാർ കാണിക്കാത്തതാണ് വൈദ്യുതി മേഖലയിലെ പ്രതിസന്ധിക്ക് കാരണമാകുന്നതെന്ന പ്രതിപക്ഷനേതാവിന്റെ ആക്ഷേപം വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ&ബി) നിലവാരമുണ്ടായിരുന്ന സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലില്ല. സമ്പൂർണ്ണ വൈദ്യുതീകരണ സാമ്പത്തിക എന്ന പേരിലുള്ള പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി, ദിൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന, സംസ്ഥാന സർക്കാരിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെയും വിഹിതം എന്നിവയിലൂടെയാണ് സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിന് പദ്ധതിയിട്ടിട്ടുള്ളത്. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി അനുസരിച്ച് 57356 പുതിയ കണക്ഷനുകളാണ് നൽകാൻ പദ്ധതിയിട്ടിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി പദ്ധതിയിലൂടെ 92175 പുതിയ കണക്ഷനുകൾ നൽകി കഴിഞ്ഞു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതിയിട്ടിട്ടുള്ള കണക്ഷനുകൾ നടപ്പിലാക്കുന്നതിനായി 30-9-2015 വരെ ടി പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ഷനുകൾ നൽകാൻ നടപടി സ്വീകരിച്ചു വരികയാണ്. ഇപ്പോൾ പുതുതായി നിലവിൽവന്ന ദിൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം നിർധനർക്ക് ഏകദേശം 1 ലക്ഷം കണക്ഷനുകളും നൽകാൻ പദ്ധതിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം, പദ്ധതി നടത്തിപ്പ് ഏജൻസി അടിസ്ഥാനത്തിൽ ആണെങ്കിൽ പൂർത്തീകരണ കാലാവധി 24 മാസവും കെ.എസ്.ഇ.ബി. നിലവിൽ സ്വയം നടപ്പാക്കുകയാണെങ്കിൽ ടി കാലാവധി 30 മാസവുമായി നിശ്ചയിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതോടൊപ്പം ആഭ്യന്തര ഉത്പാദനം ഉയർത്തുന്നതിന് കഴിഞ്ഞ കുറെ വർഷങ്ങളായി സാധിച്ചിട്ടില്ല. 2005-06 വർഷത്തെ കേരളത്തിന്റെ വൈദ്യുത സന്തുലനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുള്ള ആകെ ഉത്പാദനം 6377.06 മില്യൻ യൂണിറ്റും ഉപഭോഗം 9384.40 മില്യൻ യൂണിറ്റും ആണ്. എന്നാൽ 10 വർഷങ്ങൾക്കുശേഷം 2014-15 വർഷത്തിൽ ഇത് യഥാക്രമം 7311.52 മില്യൻ യൂണിറ്റും 18432.48 മില്യൻ യൂണിറ്റും ആണ്. ഉപഭോഗത്തിൽ ഏകദേശം 97 ശതമാനത്തോളം വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായപ്പോൾ ആഭ്യന്തര ഉത്പാദന ശേഷിയിൽ 15 ശതമാനത്തോളം മാത്രമേ വർദ്ധനവ് വന്നിട്ടുള്ളൂ.

(ഡി) ഇപ്രകാരം ആക്ഷേപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന്റെ പരിഗണനയിലുള്ള ശേഷി കൂടിയ വൈദ്യുതോല്പാദന പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രതിവിധ തടസ്സങ്ങൾ നേരിട്ട സാഹചര്യത്തിൽ വാതകാധിഷ്ഠിത പദ്ധതികളിലൂടെയും ജലവൈദ്യുത പദ്ധതികളിലൂടെയും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ചുള്ള പദ്ധതികളിലൂടെയും ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വിപുലമായി നടത്തുന്നതിനും ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. 2011-12-ൽ പ്രസരണ വിതരണ നഷ്ടം 15.62 ശതമാനമായിരുന്നത് 2014-15-ൽ 14.68 ശതമാനത്തിലേക്ക് കുറയ്ക്കുവാനായി എന്നതും, അന്യ സംസ്ഥാന സ്രോതസ്സുകളിൽ കേന്ദ്ര നിലയങ്ങളെ മാത്രം ആശ്രയിച്ചിരിക്കുക എന്ന അവസ്ഥയിൽ നിന്നും മാറി വ്യക്തമായ ആസൂത്രണത്തോടെ വളരെ കുറഞ്ഞ വിലയിൽ ദീർഘകാല-മധ്യകാല-ഹ്രസ്വകാല കരാറുകൾ വഴി വരും വർഷങ്ങളിലേക്കായി വൈദ്യുതി കണ്ടെത്താനായി എന്നതും സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്.

വ്യവസായ സംരംഭകത്വ വികസന പദ്ധതി

17 (*347) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികയുവജനകാര്യവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) യുവജനങ്ങളിൽ സംരംഭകത്വ കഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly